# 'നീര'യ്ക്ക് സർക്കാർ എതിരെന്ന വാർത്ത തെറ്റ്: മുഖ്യമന്ത്രി

കൊല്ലം: നാളികേര ഫെഡറേഷനുകളുടെ ലൈസൻസ് റദ്ദാക്കിയെന്നും സർക്കാർ നീര വ്യവസായത്തിനെതിരാണെന്നുമുള്ള വാർത്ത തെറ്റാണെന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി. കൈപ്പുഴ നീര ഫാക്ടറിയുടെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. അപേക്ഷിച്ചവർക്കെല്ലാം ലൈസൻസ് നൽകി.

നിലവിൽ 178 ഫെഡറേഷനുകൾക്കു ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. നീര തുടങ്ങാൻ നൂറ്റാണ്ടുകൾ പഴക്കമുള്ള എക്സൈസ് നിയമം തന്നെ സർക്കാർ മാറ്റിയെഴുതി. നിർമാണത്തിലുള്ള പതിനേഴോളം ഫാക്ടറികൾകൂടി പ്രവർത്തനമാരംഭിച്ചാൽ കർഷകർക്കു നേട്ടമാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.